LIBRARY ARCHIVES Kerala Legislative Assembly

പൊതുസ്വകാര്യ പങ്കാളിത്ത നയം

146 (486) ശ്രീ. വി. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പൊതുസ്വകാര്യപങ്കാളിത്തം സബന്ധിച്ച നയം രൂപീകരിക്കുന്നതിന് ആസൂത്രണ ബോർഡിൽനിന്നും നിർദ്ദേശങ്ങൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത നിർദ്ദേശങ്ങൾ അനുസരിച്ച് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) സർക്കാർ സംവിധാനം മുഖേന നല്കിവന്നിരുന്ന സേവനങ്ങൾ പൊതുസ്വകാര്യ പങ്കാളിത്തത്തിനായി വിട്ടുനൽകുമ്പോൾ ജനങ്ങൾക്കുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ സംബന്ധിച്ച് വിശകലനം നടത്തിയിട്ടുണ്ടോ, ഉണ്ടെങ്കിൽ പ്രസ്തുത ബുദ്ധിമുട്ട് ഒഴിവാക്കാൻ ഉള്ള നിർദ്ദേശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) തെരഞ്ഞെടുക്കപ്പെട്ട അടിസ്ഥാനസൗകര്യ മേഖലയിൽ പരമാവധി നിക്ഷേപം ലഭ്യമാക്കുവാൻ പൊതുസ്വകാര്യ പങ്കാളിത്ത സാദ്ധ്യത പരിഗണിക്കുന്നതിനായി ഒരു കരട് നയം (പി.പി.പി. പോളിസി) സംസ്ഥാന ആസൂത്രണ ബോർഡ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കരട് അനുബന്ധം എ-യിൽ ചേർക്കുന്നു.

(ബി&സി) കരട് നയം സർക്കാർ പരിശോധിച്ച് വരികയാണ്. ഈ വിഷയത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

പൊതുവിപണിയിൽനിന്നും സർക്കാർ എടുത്ത കടം

147 (487) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2014 മാർച്ചിനുശേഷം പൊതുവിപണിയിൽനിന്നും സർക്കാർ കടമെടുത്തിട്ടുള്ള തുകയെത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഓരോ മാസവും എടുത്ത തുകയുടെ കണക്ക് വെവ്വേറെ നൽകുമോ ;

(സി) എത്ര തുകവരെ കടമെടുക്കുന്നതിനുള്ള അനുമതിയാണ് സർക്കാരിനുള്ളത് ;